പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1604 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗനവാടി കുട്ടികൾക്കുള്ള ഭക്ഷണപദാർത്ഥങ്ങൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. മുല്ലക്കര രത്നാകരൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) അംഗൻവാടി കുട്ടികൾക്ക് നൽകിവരുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഇനങ്ങൾ, അളവ് എന്നിവ വ്യക്തമാക്കുമോ; | (എ)അംഗൻവാടികളിലെ അനുപൂരക പോഷകാഹാരപരിപാടി തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ആയതിൽ 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രതിദിനം 135 ഗ്രാം ന്യൂട്രിമിക്സ് വീതം നൽകി വരുന്നു. 3 വയസ്സു മുതൽ 6 വയസ്സു വരെയുള്ള കുട്ടികൾക്ക് രാവിലെ 11 മണിക്ക് മോണിംഗ് സ്നാക്സ്- ഉം ഉച്ചയ്ക്ക് അരിയും പയറും ചേർത്ത ആഹാരവും ഉച്ചയ്ക്ക് ശേഷം 3.30 ന് ജനറൽ ഫീഡിംഗും. (ഉപ്പുമാവ്,പായസം തുടങ്ങിയത്) നൽകുന്നുണ്ട്. ഒരു കുട്ടിയ്ക്ക് ഒരു ദിവസം നൽകുന്ന പോഷകാഹാരത്തിൽ 500 കലോറിയും 12-15 ഗ്രാം പ്രോട്ടീനും ഉണ്ടായിരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) ഇതിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് ലഭിക്കുന്നത് എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (ബി)<br>• 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്കുള്ള ന്യൂട്രിമിക്സ് (ടിഎച്ച്ആർഎസ്) കുടുബശ്രീ യൂണിറ്റുകൾ തയ്യാറാക്കി നൽകുന്നു. ഇതിനുള്ള ഗോതമ്പ് BPL റേറ്റിൽ കേന്ദ്ര സർക്കാർ നൽകി വരുന്നു.<br>• 3 വയസ്സു മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഭക്ഷണത്തിനുള്ള അരി കേന്ദ്രസർക്കാരിന്റെ WBNP പദ്ധതി പ്രകാരം SupplyCo ഏറ്റെടുത്ത് മാവേലി സ്റ്റോർ വഴി ബന്ധപ്പെട്ട അംഗൻവാടികളിൽ എത്തിക്കുന്നു.<br>• ലഘു ഭക്ഷണത്തിനും ജനറൽ ഫീഡിംഗിനും ആവശ്യമായ മറ്റു ഭക്ഷണ പദാർത്ഥങ്ങളെല്ലാം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നു. |

സെക്ഷൻ ഓഫീസർ